ഭരണഭാഷ - മാതൃഭാഷ

**<u>വിവരാവകാശം / മറുപടി</u>**

നം.D5/4598/2018

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ
തിരുവനന്തപുരം
Email-swdkerala@gmail.com
തിയതി 21/04/2018

FAO
21/4/18

പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യ നീതി ഡയറക്ടർ

പ്രദീപ് കോശി
എബനേസർ വീട്
ഇടനാട് പി ഒ
ചെങ്ങന്നൂർ -689123

സർ,

വിഷയം-സാമൂഹ്യ നീതി വകുപ്പ് - സാമൂഹ്യ നീതി ഡയറക്ടറേറ്റ്- വിവരാവകാശം 2005 -മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന -28.03.2018 ലെ ശ്രീ.പ്രദീപ് കോശിയുടെ വിവരാവകാശം 2005 പ്രകാരമുള്ള അപേക്ഷ

വിവരാവകാശം 2005 പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷയിലെ ചോദ്യങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

**<u>ചോദ്യം 1 നുള്ള മറുപടി</u>**

(i) HRMP No.1599/17- )o നമ്പർ ഉത്തരവ് ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്.

(ii) 09.02.2018 ലാണ് ടി ഉത്തരവ് ലഭ്യമായത്

**<u>ചോദ്യം 2 നുള്ള മറുപടി</u>**

HRMP No.1599/17-)o നമ്പർ ഉത്തരവിൻമേൽ നടപടി സ്വീകരിക്കുവാൻ ഓർഫണേജ് കൺട്രോൾ ബോർഡിന്റെ അഭിപ്രായം ചോദിച്ചു കൊണ്ട് കത്ത് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ മറുപടി ഈ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുമുണ്ട്.

ഭരണഭാഷ - മാതൃഭാഷ

**വിവരാവകാശം / മറുപടി**

**ചോദ്യം 3 നുള്ള മറുപടി**

മനുഷ്യാവകാശ കമ്മിഷന്റെ ഉത്തരവ് ഓർഫണേജ് കൺട്രോൾ ബോർഡ് യോഗം പരിഗണിക്കുകയും 'സ്നേഹധാര' എന്ന സ്ഥാപനത്തിന്റെ മേധാവിയെ 18/04/2018 ൽ 2.00 p m ന് ഹിയറിംഗിന് വിളിക്കാൻ തീരുമാനിക്കുകയും ഓർഫണേജ് & അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർ വിഷൻ & കൺട്രോൾ ) ആക്ട് 1960 ലെ റൂൾ 13 എ പ്രകാരം സ്ഥാപനത്തിന്റെ അംഗികാരം റദ്ദാക്കേണ്ട സാഹചര്യമുണ്ടായാൽ സ്ഥാപനമേധാവിയുടെ അഭിപ്രായമാരായേണ്ടതുള്ളതിനാൽ ടിയാളുടെ ഹിയറിംഗിനു ശേഷം പരാതിയെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാമെന്നും മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

മേൽ മറുപടി തൃപ്തികരമല്ലായെങ്കിൽ അപ്പലെറ്റ് അതോറിറ്റിയ്ക്ക് 30 ദിവസത്തിനുള്ളിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

അപ്പലെറ്റ് അതോറിറ്റിയുടെ മേൽവിലാസം ചുവടെ ചേർക്കുന്നു.

**അഡീഷണൽ ഡയറക്ടർ**

**സാമൂഹ്യ നീതി ഡയറക്ടറേറ്റ്,**

**വികാസ് ഭവൻ**

**തിരുവനന്തപുരം**

**ഫോൺ- 0471-2306040**

**Email-swdkerala@gmail.com**

വിശ്വസ്തതയോടെ,

സാമൂഹ്യ നീതി ഡയറക്ടർ